LIBRARY ARCHIVES Kerala Legislative Assembly

ശ്രീകാര്യം ജംഗ്ഷനിലെ ഗതാഗതകുരുക്ക്

70 [1480] ശ്രീ. സി. ടി. അഹമ്മദ് അലി:

" പി. കെ. കെ. ബാവ:

" സി. മമ്മൂട്ടി:

" കളത്തിൽ അബ്ദുള്ള:

" സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റിയിലേക്ക് വരുന്ന വാഹനങ്ങൾ ശ്രീകാര്യം ജംഗ്ഷൻ മുതൽ തിരക്കിൽപ്പെട്ട് മണിക്കൂറുകളോളം നിശ്ചലമാകുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടുത്തെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനും വാഹന ഗതാഗതം സുഗമമാക്കുന്നതിനും പൊതുമരാമത്ത് വകുപ്പ് എന്തുനടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രീകാര്യം ജംഗ്ഷൻ ഉൾപ്പെടെ ദേശീയപാത 47-ൽ ഉണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് NH-47 പൂർണ്ണമായും നാലുവരിപ്പാതയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ചേർത്തല മുതൽ ആലുവ വരെയുള്ള ഭാഗം നാലുവരിപ്പാതയാക്കിക്കഴിഞ്ഞിട്ടുണ്ട്.ആലുവ മുതൽ വാളയാർവരെയുള്ള ഭാഗം NHAI യുടെ ചുമതലയിൽ നാലുവരിപ്പാതയാക്കിവരുന്നു. ഇതിൽ ആലുവ മുതൽ അങ്കമാലി വരെയുള്ള പണികൾ പൂർത്തിയായി. ശേഷിക്കുന്ന ചേർത്തല മുതൽ കളിത്തിക്കാവിള വരെയുള്ള ഭാഗം നാലുവരി പാതയാക്കുന്നതിനുള്ള പഠനം നടന്നുവരുന്നു. ഈ ഭാഗങ്ങൾ നാലുവരിപ്പാതയാക്കുന്നതോടുകൂടി ശ്രീകാര്യം ഉൾപ്പെടെയുള്ള NH 47-ലെ ഗതാഗതക്കുരുക്ക് ഒഴിവാകുന്നതാണ്.

ഹരിപ്പാട് നിന്നും മാറ്റിയ പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസുകൾ പുനഃസ്ഥാപിക്കാൻ നടപടി

71 [1481] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹരിപ്പാട് പ്രവർത്തിച്ചിരുന്ന പൊതുമരാമത്ത് വകുപ്പിന്റെ ഏതെല്ലാം ഓഫീസുകൾ ഇവിടെനിന്ന് മാറ്റിയിട്ടുണ്ട്;

(ബി) അവ ഏതെല്ലാം സ്ഥലങ്ങളിലേക്കാണ് മാറ്റിയിട്ടുള്ളത്;

(സി) പ്രസ്തുത ഓഫീസുകൾ മാറ്റുന്നതിനെതിരെ വ്യാപകമായി പ്രതിഷേധങ്ങൾ ഉയർന്നുവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;